19

00975

THE DIRECTOR OF SOCIAL JUSTICE OFFICE
13 JAN 2017
...UM*

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര സൗജന്യമായി നൽകുന്ന 'മന്ദഹാസം' പദ്ധതി - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

=====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ(സാധാ)നം.546/2016/സാനീവ  തിരുവനന്തപുരം , തീയതി. 23..11..2016.

=====================================================================

പരാമർശം: 1) സാമൂഹ്യ നീതി ഡയറക്ടറുടെ 04.10.2016-ലെ G4-33640/16 നമ്പർ കത്ത്.

2) 5.10.2016-ലെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം,

**ഉത്തരവ്**

സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക കൃത്രിമ ദന്തങ്ങൾ വെയ്ക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനായി "മന്ദഹാസം" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിക്കാവുന്നതാണെന്നും ഈ പദ്ധതി നടപ്പിലാക്കുന്നതിന് 77 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും ഈ തുക നടപ്പ സാമ്പത്തിക വർഷത്തിലെ 2235-60-200-83-(പി) ശീർഷകത്തിൽ വയോജനസംരക്ഷണ പദ്ധതിയ്ക്കുവേണ്ടി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് അനുവദിയ്ക്കണമെന്നും പരാമർശം 1 പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ ശുപാർശ സമർപ്പിച്ചു. പ്രസ്തുത ശുപാർശ 5.10.2016-ൽ കൂടിയ സ്റ്റേറ്റ് ലെവൽ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിക്കുകയുണ്ടായി.

2) മേൽ സാഹചര്യത്തിൽ സംസ്ഥാനത്ത് 60 വയസ്സ് കഴിഞ്ഞ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തങ്ങൾ വെയ്ക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനായി "മന്ദഹാസം" എന്ന പേരിൽ ആനുബന്ധത്തിലുള്ള പദ്ധതി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകാവുന്നതും ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ 77,00,000/- (എഴുപത്തിയേ[redacted] രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷം 2235-60-200-83(പ്ലാൻ) ശീർഷകത്തിൽ വയോജന സംരക്ഷണ പദ്ധതിയ്ക്കുവേണ്ടി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ. ഷാജഹാൻ**

ഗവൺമെന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ (എ & ഇ)) കേരളം, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ